## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 08.02.2023 മുതൽ 12.02.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 06/2023,(11) ചൊവ്വാഴ്ച | തീയ്യതി 07/02/2023 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| ( 0.0) | (32.9-35.6) | (20.3-26.1) | (53-76) | (17-50) | (2.5-6.6) | (2.7-9.3) | (4.6-6.8) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 08.02.2023 | 09.02.2023 | 10.02.2023 | 11.02.2023 | 12.02.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 33 |
| കുറഞ്ഞ താപനില (°C) | 20 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 70 | 70 | 50 | 50 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 5 | 6 | 5 | 3 |

കാലാവസ്ഥാ അറിയിപ്പ് : വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2023 ഫെബ്രുവരി 08 | 2023 ഫെബ്രുവരി 09 | 2023 ഫെബ്രുവരി 10 | 2023 ഫെബ്രുവരി 11 | 2023 ഫെബ്രുവരി 12 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –പുഞ്ച ഞാറ് പരുവം | പരിചരണം | പുഞ്ച കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴക്കന്ന് നടുന്നതിനു മുൻപ് കന്നിന്റെ അടിഭാഗത്തിനു ചുറ്റും ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്ന് നാലു ദിവസം വെയിലത്ത് വെച്ചുണക്കി നടുക. കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ നടുപോൾ ഇട്ടുകൊടുക്കുന്നതു നല്ലതാണ്. |
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | മൊസൈക് രോഗം | വെള്ളരിവർഗ്ഗപച്ചക്കറികളിൽ മൊസൈക് രോഗം കാണാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികളെ പറിച്ച് നീക്കം ചെയ്യുക. പ്രതിവിധിയായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. |

മൃഗസംരക്ഷണം -: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കൾക്ക് സാംക്രമിക രോഗങ്ങൾക്ക് എതിരെയുള്ള കുത്തിവെയ്പുകൾ നൽകുക.കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. (CAADECCS, KVASU, Mannuthy).